## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 856 — 28/09/2011-ൽ മറുപടിക്ക്

### അട്ടപ്പാടിയിൽ തൊഴിലുറപ്പു പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ.ബി. സത്യൻ | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ. | പട്ടിക വർഗ്ഗ വിഭാഗത്തിന്റെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി പ്രകാരം അട്ടപ്പാടി മേഖലയിലെ മൂന്ന് പഞ്ചായത്തുകളിൽ, പുതിയ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ | തൊഴിലുറപ്പ് പദ്ധതി പ്രകാരം ടി മേഖലയിലെ മൂന്ന പഞ്ചായത്തുകളിൽ, പുതിയ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ ഊരുകൂട്ടം മുഖാന്തിരം S.T.പ്രൊമോട്ടർമാരുടെ സേവനം പ്രയോജന പ്പെടുത്തിക്കൊണ്ട് പട്ടികവർഗ്ഗ വിഭാഗക്കാർക്ക വേണ്ടി 64 കോടി രൂപയുടെ പ്രത്യേക കർമ്മ പരിപാടി തയ്യാറാക്കി ഗ്രാമ / ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ അംഗീകാരം നേടുകയും 2010-11 മുതൽ ഊരു വികസന സമിതികളിലെ MATE കൾ മുഖേന പട്ടികവർഗ്ഗ ഭൂമിയിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുമുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള കാരുവാര / ചിണ്ടക്കി / പോത്തുപ്പാടി / വരടിമല എന്നീ ഫാമുകളിൽ 11 കോടി രൂപയുടെ മറ്റൊരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഗ്രാമ / ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. |
| ബി | ഗ്രാമ വികസന വകുപ്പുമായി ചേർന്ന് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള തൊഴിൽ, പട്ടിക വർഗ്ഗ വിഭാഗത്തിന് ലഭിക്കാനാവശ്യമായ പദ്ധതി കാലതാമസം കൂടാതെ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ? | ബി | അട്ടപ്പാടിയിലെ 135 S.T പ്രൊമോട്ടർമാർക്ക് വിഷയം സംബന്ധിച്ച് പ്രത്യേകം ചുമതല നൽകിയിട്ടുണ്ട്. MGNREGS ന്റെ പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്ഥിരമായി ലഭ്യമാക്കുവാനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ